LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിലെ വനം വകുപ്പ് റോഡുകൾ

72 [3935] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചു ഈ സാമ്പത്തിക വർഷം എത്ര റോഡുകൾ ഗതാഗതയോഗ്യമാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ:

(ബി) മച്ചാട് ഫോറസ്റ്റ് റേഞ്ച് അതിർത്തിയിലുള്ള ഏതെല്ലാം റോഡുകൾ ഈ വർഷം പണി പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം.

(എ) തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഈ സാമ്പത്തിക വർഷം 5 റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കണ്ണാറ്റുപാടം ഇഞ്ചക്കുണ്ട് പരുന്തുപാറ റോഡ്
2. മുപ്ലി-തട്ടുപാലം റോഡ്
3. പുലിക്കുണ്ട്-റിസർവ്വ് റോഡ്
4. മീനിക്കുണ്ട്-ട്രൈബൽ കോളനി റോഡ്
5. വട്ടായി-കുണ്ടുകാട് റോഡ്

(ബി) മച്ചാട് ഫോറസ്റ്റ് റേഞ്ച് അതിർത്തിയിലുള്ള വട്ടായി-കുണ്ടുകാട് റോഡ് ഈ വർഷം പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആൻഡമാൻ ദ്വീപിലേക്ക് നൽകിയ വനവിഭവങ്ങൾ

73 [3937] *ശ്രീ. പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:*
,, *സി. മോയിൻകുട്ടി:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തം അനുഭവിച്ച ആൻഡമാൻ ദ്വീപിലെ ജനങ്ങൾക്ക് മുള കൂടാതെയുള്ള ഏതെങ്കിലും വനവിഭവങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഗവൺമെന്റിന് എന്ത് തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ ഇത് സൗജന്യമായി കൊടുക്കുന്നതിന് ഉത്തരവ് നൽകിയിരുന്നോ;

(സി) ഇത് അനധികൃതമായി കടത്തിക്കൊണ്ടുപോയതാണെങ്കിൽ അതിന് ഉത്തരവാദിയാരാണെന്നും, ഏത് രീതിയിലാണ് കടത്തിക്കൊണ്ടുപോയത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സുനാമി ദുരന്തം അനുഭവിച്ച ആൻഡമാൻ ദ്വീപിലെ ജനങ്ങൾക്ക് കേരളത്തിൽ നിന്നും മുള കൂടാതെയുള്ള മറ്റ് വനവിഭവങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ബി) കേരളത്തിൽ നിന്നും 50,000 മുളകൾ (full bamboos) ആൻഡമാൻ ദ്വീപിലെ സുനാമി ദുരന്തം അനുഭവിച്ച ജനങ്ങൾക്കുവേണ്ടി സൗജന്യമായി നൽകിയിട്ടുണ്ട്. വേറെ വനവിഭവങ്ങളൊന്നും നൽകിയിട്ടില്ല.

(സി) കേരളത്തിലെ വനവിഭവങ്ങളൊന്നും അനധികൃതമായി ആൻഡമാനിലേക്ക് കടത്തിക്കൊണ്ടുപോയിട്ടില്ല.

വരയാടുകളുടെ സങ്കേതങ്ങൾ

74 [3938] *ശ്രീ. എൻ ഡി. അപ്പച്ചൻ:*
„ *ലൂഡി ലൂയിസ്:*
„ *കെ. ബാബു:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരയാടുകളുടെ സങ്കേതങ്ങൾ എവിടെയെല്ലാമാണ്;

(ബി) പ്രസ്തുത സങ്കേതങ്ങളിലെ വരയാടുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലകളിൽ വേട്ട നടത്താറുണ്ടോ;

(ഡി) പ്രസ്തുത മേഖലകളിലെ വരയാടുകളുടെ എണ്ണം കുറയുവാനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഇരവികുളം
2. എലിവാൽമല-ഒലവക്കോട്
3. പറമ്പിക്കുളം
4. മംഗളാദേവി-പെരിയാർ ടൈഗർ റിസർവ്
5. കൊച്ചുപമ്പ-റാന്നി ഡിവിഷൻ
6. നെല്ലിയാമ്പതി ഹിൽസ്- നെൻമാറ ഡിവിഷൻ
7. ചിന്നാർ
8. വരയാട്ടുമല-നെയ്യാർ വന്യജീവി സങ്കേതം
9. പൊൻമുടി ഹിൽസ്- തിരുവനന്തപുരം ഡിവിഷൻ
10. മീസപ്പുലിമല- മൂന്നാർ
11. ഗുണ്ടുമല-മൂന്നാർ

എന്നിവിടങ്ങൾ ആണ് സംസ്ഥാനത്തെ വരയാടുകളുടെ സങ്കേതങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly